31/3/22 ... 01/04/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 88(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 779/SIC-G4/2022)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മാർച്ച് 31**

അഡ്വ. ശ്യാംകുമാർ എ.എസ്.,
ഏറത്ത് ഹൗസ്,
കിയ്യൂർ പി.ഒ., കുന്ദംകുളം,
തൃശ്ശൂർ – 680523. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, കേരള,
ശാസ്തമംഗലം പി.ഒ.,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്,
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, കേരള,
ശാസ്തമംഗലം പി.ഒ.,
തിരുവനന്തപുരം. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 23/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 02/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 12/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 30/03/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അഡ്വ. ശ്യാംകുമാർ എ.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, അന്തിക്കാട് സ്റ്റേഷനിലെ ക്രൈം നമ്പർ:08/2007 കേസുമായി ബന്ധപ്പെട്ട് സമർപ്പിച്ച പരാതിയിൽ സംസ്ഥാന പോലീസ് മേധാവിയും അഡീഷണൽ ഹോം സെക്രട്ടറിയും സ്വീകരിച്ച നിയമനടപടിയെ കുറിച്ചാണ്

വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചതെന്നും എന്നാൽ ടി അപേക്ഷ നിരസ്സിച്ചുകൊണ്ടുള്ള മറുപടിയാണ് എതിർകക്ഷികൾ നൽകിയിട്ടുള്ളതെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ക്രൈം: 08/2007 അന്തിക്കാട് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ എന്ന കേസുമായി ബന്ധപ്പെട്ട് ശ്രീ.വി.കെ.രാജു, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, അന്തിക്കാട് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ എന്നിവർക്കെതിരെ കേരള സംസ്ഥാന പോലീസ് മേധാവിക്ക് 31.1.2018 തീയതി നൽകിയ പരാതിയിന്മേൽ സ്വീകരിച്ച മൊത്തം നിയമനടപടികൾ നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.08.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പോലീസ് ആസ്ഥാനത്തെ കോൺഫിഡൻഷ്യൽ ബ്രാഞ്ചിൽ കൈകാര്യം ചെയ്യുന്നതായതിനാലും 7.2.2006 തീയതിയിലെ ജി.ഒ.(പി)43/2006/ജി.എ.ഡി ഉത്തരവ് പ്രകാരം പോലീസ് ആസ്ഥാനത്തെ കോൺഫിഡൻഷ്യൽ ബ്രാഞ്ചിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാലും ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ/രേഖകൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നുമാണ്. ഹർജിക്കാരൻ 25.09.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 23.7.2021 തീയതിയായി പോലീസ് ആസ്ഥാനത്ത് സമർപ്പിച്ച അപേക്ഷ സംബന്ധിച്ചും സർക്കാരിൽ നിന്നും ടി ഓഫീസിൽ ലഭിച്ച 23.7.2021 തീയതിയിലെ അപേക്ഷ സംബന്ധിച്ചും പോലീസ് ആസ്ഥാനത്തെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും പ്രസ്തുത അപേക്ഷകളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ വ്യക്തമായ വിവരം/രേഖകൾ/മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട ബ്രാഞ്ചിലെ അധികാരിക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നത് ടി ഓഫീസിലെ കോൺഫിഡൻഷ്യൽ ബ്രാഞ്ചിലാണെന്നും പ്രസ്തുത ബ്രാഞ്ചിനെ 7.2.2006 തീയതിയിലെ ജി.ഒ.(പി) 43/2006/ജി.എ.ഡി. പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ടതാണെന്നും ബന്ധപ്പെട്ട ബ്രാഞ്ചിലെ അധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം/രേഖകൾ 7.2.2006 തീയതിയിലെ ജി.ഒ.(പി)നം. 43/2006/ജി.എ.ഡി പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1)എച്ച്) പ്രകാരം വെളിപ്പെടുത്തലിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണെന്ന് കാണുന്നു എന്നും

ആയതിനാൽ ടി ഓഫീസിലെ എസ്.പി.ഐ.ഒ. ലഭ്യമാക്കിയ മറുപടി നിയമാനുസൃതമാണെന്നതിനാൽ അപ്പീൽ അപേക്ഷയിന്മേൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നും കാണുന്നു എന്നും കൂടാതെ ഓഫീസ് പ്രവർത്തനങ്ങളിലുണ്ടായ ഭരണപരമായ മാറ്റങ്ങളുമായി ബന്ധപ്പെട്ടാണ് അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടതെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അഡ്വ. ശ്യാംകുമാർ എ.എസ് 23.7.2021 തീയതി രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷ 26.7.2021-ന് പോലീസ് ആസ്ഥാനത്ത് ലഭിച്ചിരുന്നു എന്നും അപേക്ഷകൻ 31.1.2018-ന് അന്തിക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 08/2007 നമ്പർ കേസുമായി ബന്ധപ്പെട്ട് ശ്രീ.വി.കെ. രാജു, സബ് ഇൻസ്പെക്ടർക്കെതിരെ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിൻമേൽ സ്വീകരിച്ച നിയമനടപടികൾ സംബന്ധിച്ച വിവരമാണ് ആവശ്യപ്പെട്ടിരുന്നതെന്നും പ്രസ്തുത പരാതി ടി ഓഫീസിൽ കൈകാര്യം ചെയ്ത അധികാരിയോട് വിവരാവകാശ നിയമത്തിലെ വകുപ്പ് 5(4) അനുസരിച്ച് 28.7.2021 തീയതിയിലെ 13(ആർ.റ്റി.ഐ)-112299/2021/പി.എച്ച്.ക്യു നമ്പർ പ്രകാരം ആവശ്യപ്പെട്ടിരുന്നു എന്നും തുടർന്ന് ടി അധികാരിയിൽ നിന്നും ലഭ്യമായ മറുപടിയിൽ, പ്രസ്തുത പരാതിയിലെ ആരോപണ വിധേയൻ ഡി.വൈ.എസ്.പി. ആയതിനാൽ ടി പരാതി സംബന്ധിച്ച ഫയൽ ടി ഓഫീസിലെ കോൺഫിഡൻഷ്യൽ ബ്രാഞ്ചിൽ നൽകിയിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത കോൺഫിഡൻഷ്യൽ ബ്രാഞ്ചിലെ (റ്റി-ബ്രാഞ്ച്) അധികാരിയിൽ നിന്നും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതായതിനാലും, പ്രസ്തുത ബ്രാഞ്ചിനെ 7.2.2006-ലെ ജി.ഒ.(പി)നം. 43/2006/ജിഎഡി. പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാലും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 24.8.2021-ന് മറുപടി ലഭ്യമാക്കി പ്രസ്തുത അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തീർപ്പാക്കിയിട്ടുള്ളതെന്നും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ആരോപിച്ചിട്ടുള്ളതെന്നും ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം വകുപ്പ് 5(4) പ്രകാരം ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ/മറുപടിയുടെ അടിസ്ഥാനത്തിലാണ് പോലീസ് ആസ്ഥാനത്തെ എസ്.പിഐ.ഒ. അപേക്ഷ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ തന്നെ തീർപ്പാക്കിയിട്ടുള്ളതെന്നും ആയത് കൈകാര്യം ചെയ്തതിൽ പോലീസ്

ആസ്ഥാനത്തെ എസ്.പി.ഐ.ഒ. മന:പൂർവ്വമായ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം/രേഖകൾ കോൺഫിഡൻഷ്യൽ ബ്രാഞ്ചിലെ [(റ്റി) ബ്രാഞ്ച്] അധികാരിയിൽ നിന്നും നൽകേണ്ടതായതിനാലും ടി സെക്ഷൻ 7.02.2006–ലെ ജി.ഒ.(പി)നം.43/2006/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതായതിനാലുമാണ് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്ന് എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട ആഭ്യന്തര സുരക്ഷയെയോ മറ്റോ ബാധിക്കുന്ന വിഷയത്തിനല്ല ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് എന്നതിനാലും ഇക്കാര്യത്തിലുള്ള അന്വേഷണവും അച്ചടക്ക നടപടിയും പൂർത്തിയായിട്ടുള്ളതാണെന്ന് ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒന്നാം എതിർകക്ഷി 10.4.2022–നകം സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

31/3/22

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

us